ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:19.04.2025**

## പ്രധാനവാർത്തകൾ

1. രാസലഹരിയുടെ ദൂഷ്യഫലങ്ങൾ പുതിയ അധ്യയന വർഷത്തെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ; കുട്ടികൾക്ക് കായിക പരിശീലനത്തിന് കൂടുതൽ സമയം നൽകും.

2. രണ്ടാം പിണറായി വിജയൻ സർക്കാരിൻറെ നാലാം വാർഷികാഘോഷത്തിൻറെ ഭാഗമായുള്ള പ്രദർശന വിപണന മേളയുടെ ഒരുക്കങ്ങൾ കാസർഗോട് അവസാനഘട്ടത്തിൽ.

3. ലോക നന്മയ്ക്കായി യേശുക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പിനായുള്ള കാത്തിരിപ്പിൽ ക്രൈസ്തവ വിശ്വാസികൾ ഇന്ന് വലിയ ശനി ആചരിക്കുന്നു; നാളെ ഈസ്റ്റർ.

4. ഇന്ന് ലോക കരൾ ദിനം; "ഭക്ഷണമാണ് ഔഷധം" എന്നതാണ് ഈ വർഷത്തെ ദിനാചരണത്തിനുള്ള പ്രമേയം.

5. ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ഡൽഹിയെയും , രാജസ്ഥാൻ ലഖ്നൗവിനെയും നേരിടും.

&&&&&&&&&&&&&&&&&&&&&&&&&&&

RNU TVPM

## ലഹരി വിപത്ത് ക്യാമ്പെയ്ൻ

ലഹരിവിപത്തിനെതിരായ ബോധവത്കരണം പുതിയ അധ്യയന വർഷത്തെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പ്രതിവാര ടെലിവിഷൻ സംവാദപരിപാടിയായ 'നാം മുന്നോട്ടി'ൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാസലഹരിയുടെ ദൂഷ്യഫലങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തും. കുട്ടികൾക്ക് കായികപരിശീലനത്തിന് അധികസമയം നൽകും. രക്ഷിതാക്കൾക്ക് ബോധവത്കരണം നൽകുന്നതടക്കം ഒട്ടേറെ പ്രവർത്തനങ്ങൾ പുതിയ അധ്യയന വർഷം നടത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&&&

## സർക്കാരിൻറെ നാലാം വാർഷികം (ഇൻട്രോ)

RNUTVPM

രണ്ടാം പിണറായി വിജയൻ സർക്കാരിൻറെ നാലാം വാർഷികാഘോഷത്തിൻറെ ഭാഗമായുള്ള 'എൻറെ കേരളം ' പ്രദർശന വിപണന മേളയുടെ ഒരുക്കങ്ങൾ കാസർഗോട് അവസാ നഘട്ടത്തിൽ. തിങ്കളാഴ്ച്ച രാവിലെ കാസർഗോഡ് കാലിക്കടവ് മൈതാനത്ത് മുഖ്യമന്ത്രി പിണറായി വിജയൻ മേള ഉത്ഘാടനം ചെയ്യും.

കൂടുതൽവിവരങ്ങളുമായി കാസർഗോഡ് നിന്നും ആകാശവാണി പ്രതിനിധി പി ജഗന്നിവാസൻ ...

(വോയിസ്)

&&&&&&&&&&&&&&&&&&&&&&&&&&&

## പ്രതിപക്ഷം ബഹിഷ്കരിക്കും

സംസ്ഥാന സർക്കാരിൻറെ നാലാം വാർഷികാഘോഷ പരിപാടി പ്രതിപക്ഷം പൂർണമായും ബഹിഷ്കരിക്കുമെന്ന് പ്രതിപക്ഷനേതാവ് വി ഡി സതീശൻ. ആലുവയിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&&&&&&&&&&

## വിഴിഞ്ഞം-പ്രധാനമന്ത്രി (ഇൻട്രോ)

ഉദ്ഘാടനത്തിനൊരുങ്ങി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം.അടുത്ത മാസം രണ്ടിന് പ്രധാനമന്ത്രി നരേന്ദ്രമോദി തുറമുഖം രാജ്യത്തിന് സമർപ്പിക്കും.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....

(വോയിസ്)

RNU TVPM

&&&&&&&&&&&&&&&&&&&&&&&&&&&

## ഷൈൻ ടോം ചാക്കോ

നോട്ടീസ് നൽകിയതിനെ തുടർന്ന് ഇന്ന് രാവിലെ എറണാകുളം നോർത്ത് പോലീസ് സ്റ്റേഷനിൽ എത്തിയ നടൻ ഷൈൻ ടോം ചാക്കോയെ പോലീസ് ചോദ്യം ചെയ്തു വരുന്നു. രണ്ടുദിവസം മുമ്പ് ഹോട്ടലിൽ പോലീസ് പരിശോധനയ്ക്ക് എത്തിയപ്പോൾ, മൂന്നാം നിലയിൽ നിന്ന് ചാടി രക്ഷപ്പെട്ട ഷൈൻ ടോം ചാക്കോയോട് നേരിട്ട് ഹാജരാകാൻ നോട്ടീസ് നൽകിയിരുന്നു.

&&&&&&&&&&&&&&&&&&&&&&&&&&&

## ഓപ്പറേഷൻ ഡി-ഹണ്ട്

ഓപ്പറേഷൻ ഡി-ഹണ്ടിന്റെ ഭാഗമായി കഴിഞ്ഞദിവസം സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ 167 പേർ അറസ്റ്റിലായി. 155 കേസുകൾ രജിസ്റ്റർ ചെയ്തു. 24 മണിക്കൂറും പ്രവർത്തിക്കുന്ന ആന്റി നർക്കോട്ടിക്ക് കൺട്രോൾ റൂം നിലവിലുണ്ട്. 94 97 92 77 97 എന്ന നമ്പരിൽ വിവരം കൈമാറാം.

&&&&&&&&&&&&&&&&&&&&&&&&&&&

## കൊല്ലം -പുകയില ഉത്പന്നങ്ങൾ

കൊല്ലം നഗരത്തിൽ വാഹനത്തിൽ കടത്തുകയായിരുന്ന 109 ചാക്ക് നിരോധിത പുകയില ഉത്പന്നങ്ങൾ പിടികൂടി. പുലർച്ചെ പോലീസിൻറെ വാഹന പരിശോധനയ്ക്കിടെയാണ് ലഹരി പിടികൂടിയത്. ഡിവൈഡറിൽ ഇടിച്ചുനിന്ന വാഹനം ഉപേക്ഷിച്ച് പ്രതി ഓടി രക്ഷപ്പെട്ടു.

RNU TVPM

&&&&&&&&&&&&&&&&&&&&&&&&&&&

## കോന്നി -അപകടം

കോന്നി ആനക്കൂട്ടിലെ അപകടത്തിൽ നാല് വയസുകാരൻ മരിച്ചതിൽ ഉദ്യോഗസ്ഥ തലത്തിൽ വീഴ്ച സംഭവിച്ചെന്ന് പ്രാഥമിക റിപ്പോർട്ട്. കോന്നിയുടെ ചുമതലയുള്ള റാന്നി ഡി.എഫ്.ഒ ദക്ഷിണ മേഖല ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് ഇന്ന് റിപ്പോർട്ട് നൽകും. അന്തിമ റിപ്പോർട്ട് തിങ്കളാഴ്ച വനംമന്ത്രിക്ക് കൈമാറും.

&&&&&&&&&&&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ

ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&&&&&&&&&&

## ഈസ്റ്റർ

കുരുശുമരണത്തിൽ നിന്നും ലോക നന്മയ്ക്കായി യേശുക്രിസ്തുവിൻ്റെ ഉയർത്തെഴുന്നേൽപ്പിനായുള്ള കാത്തിരിപ്പിൽ ക്രൈസ്തവ വിശ്വാസികൾ ഇന്ന് വലിയ ശനി ആചരിക്കുന്നു. ഉയർത്തെഴുന്നേൽപ്പിൻറെ സ്മരണയിൽ നാളെ ഈസ്റ്റർ ആഘോഷിക്കും.

പത്തനംതിട്ട ജില്ലയിലെ ക്രൈസ്തവ ദേവാലയങ്ങളിൽ രാവിലെ വിശുദ്ധകുർബാനയും സെമിത്തേരിയകളിൽ പൊതു ധൂപപ്രാർഥനയും നടന്നു.

&&&&&&&&&&&&&&&&&&&&&&&&&&&

RNUTVPM

## ഇടുക്കി (ഇൻട്രോ)

ഈസ്റ്ററിനെ വരവേറ്റ് ഇടുക്കി ഹൈറേഞ്ചിലെ ഒട്ടുമിക്ക മേഖലകളിലും ഈസ്റ്റർ ലില്ലിപൂക്കൾ വിരിഞ്ഞു. ആറും ഏഴും ഇതളുകളുള്ള ചുവപ്പും ഓറഞ്ചും കലർന്ന പുഷ്പങ്ങളാണ് ഈസ്റ്റർ ലില്ലിയുടേത്.

ഇടുക്കിയിൽ നിന്നും ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ....

(വോയിസ്)

&&&&&&&&&&&&&&&&&&&&&&&&&&&

## ഈസ്റ്റർ ഒരുക്കം

തിരുവനനന്തപുരം പട്ടം സെന്റ്മേരീസ് കത്തീഡ്രലിൽ നാളെ രാവിലെ മുതൽ ഈസ്റ്റർ ശുശ്രൂഷകൾ നടക്കും. പാളയം സെന്റ് ജോസഫ് കത്തീഡ്രലിൽ ഉയിർപ്പിന്റെ തിരുക്കർമങ്ങൾ നടക്കും.പിഎംജി ലൂർദ് ഫൊറോന പള്ളിയിൽ തിരു കർമങ്ങളിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി മുഖ്യകാർമികനാകും. വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയത്തിൽ നാളെ ദിവ്യബലി നടക്കും. ഈസ്റ്ററിനോട് അനുബന്ധിച്ച് കോഴിക്കോട് വിവിധ ദേവാലയങ്ങളിൽ പ്രാർഥനച്ചടങ്ങുകൾ നടക്കും. ദേവമാതാ കത്തീഡ്രലിൽ നടക്കുന്ന ചടങ്ങുകൾക്ക് കോഴിക്കോട് അതിരുപതാ ആർച്ച് ബിഷപ്പ് ഡോ. വർഗീസ് ചക്കാലക്കൽ കാർമികത്വം വഹിക്കും.

RNU TVPM

&&&&&&&&&&&&&&&&&&&&&&&&&&&

## ലോക കരൾ ദിനം

ഇന്ന് ലോക കരൾ ദിനം. കരളിന്റെ ആരോഗ്യത്തിന് ഭക്ഷണക്രമത്തിൻറെയും പോഷകാഹാരത്തിൻറെയും പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനായി എല്ലാ വർഷവും ഏപ്രിൽ 19 ന് ലോക കരൾ ദിനമായി ആചരിക്കുന്നു. "ഭക്ഷണമാണ് ഔഷധം" എന്നതാണ് ഈ

വർഷത്തെ ലോക കരൾ ദിന പ്രമേയം.

&&&&&&&&&&&&&&&&&&&&&&&&&&&

## പാലക്കാട് (ഇൻട്രോ)

പാലക്കാട് ധോണി ജനവാസ മേഖലയിൽ നിന്ന് പിടികൂടിയ കാട്ടാന ധോണിയുടെ കാഴ്ച ഭേദമാക്കാനുള്ള മൂന്നാം ഘട്ട

ചികിത്സ അടുത്ത ആഴ്ച ആരംഭിക്കും. കഴിഞ്ഞ രണ്ട് ഘട്ടത്തിലുമുള്ള ചികിത്സ വേണ്ടത്ര ഫലപ്രദമായില്ല.

വിശദാംശങ്ങളുമായി പാലക്കാടു നിന്നും ആകാശവാണി പ്രതിനിധി ഫൈസൽ അലിമുത്ത്.....

(വോയിസ്)

&&&&&&&&&&&&&&&&&&&&&&&&&&&

## സി.പി.ഒ റാങ്ക് ലിസ്റ്റ്

വനിതാ സിപിഒ റാങ്ക് ലിസ്റ്റിൻറെ കാലാവധി ഇന്ന് അവസാനിക്കും. സമരം ചെയ്യുന്നവരുൾപ്പെടെ 45 പേർക്ക് കവിഞ്ഞദിവസം അഡ്വൈസ് മെമ്മോ ലഭിച്ചു. 18 ദിവസമായി സെക്രട്ടേറിയറ്റിന് മുന്നിൽ വിവിധ സമരമുറകളുമായി പ്രതിഷേധിക്കുകയാണ് നിയമനം ലഭിക്കാത്ത ഉദ്യോഗാർത്ഥികൾ.

&&&&&&&&&&&&&&&&&&&&&&&&&&&

## ചെങ്ങന്നൂരാദി അങ്കം

മധ്യകേരളത്തിലെ നൂറ്റാണ്ടുകൾ പഴക്കമുള്ള കളരിപ്പയറ്റ് സമ്പ്രദായമായ ചെങ്ങന്നൂരാദി അങ്കം ഇന്ന് മുതൽ തിങ്കളാഴ്ച വരെ മാന്നാർ മുട്ടേൽ അങ്കത്തട്ടിൽ നടക്കും. മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും. ഞായറാഴ്ച രാവിലെ ചെങ്ങന്നൂരാദി അനുസ്മരണ സമ്മേളനം ഗോവ ഗവർണർ പി.എസ് ശ്രീധരൻപിള്ള ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&&&&&&&&&&

## ജെ.ഇ.ഇ -പരീക്ഷാ ഫലം

ഈ വർഷത്തെ ജോയിന്റ് എൻട്രൻസ് എക്സാമിനേഷൻ, ജെ.ഇ.ഇ മെയിൻ രണ്ടാം ഘട്ട പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. മെയിൻ

RNUTVPM

പേപ്പർ ഒന്നിന് 24 വിദ്യാർത്ഥികൾക്ക് 100 മാർക്ക് ലഭിച്ചതായി നാഷണൽ ടെസ്റ്റിംഗ് ഏജൻസി അറിയിച്ചു. ഫലം jeemain.nta.nic.in എന്ന JEE ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാകും.

&&&&&&&&&&&&&&&&&&&&&&&&&&&

## സ്വർണവില

സ്വർണവിലയിൽ മാറ്റമില്ല. സ്വർണം പവന് 71,560 രൂപയും, ഗ്രാമിന് 8,945 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&&&&&&&&

## ഐ.പി.എൽ

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് രണ്ടു മത്സരങ്ങൾ. അഹമ്മദാബാദിൽ വൈകുന്നേരം 3.30 ന് നടക്കുന്ന മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസ് -ഡൽഹി ക്യാപിറ്റൽസിനെ നേരിടും. 7.30 ന് ജയ്പൂരിൽ നടക്കുന്ന മറ്റൊരു മത്സരത്തിൽ രാജസ്ഥാൻ റോയൽസ് -ലഖ്നൗ സൂപ്പർ ജയന്റ്സിനെതിരെ മത്സരിക്കും.

RNUTVPM

&&&&&&&&&&&&&&&&&&&&&&&&&&&

## ഡോ . മാത്യു സാമുവൽ കളരിക്കൽ

ഇന്നലെ അന്തരിച്ച ഹൃദയാരോഗ്യ വിദഗ്ധൻ ഡോ.മാത്യു സാമുവൽ കളരിക്കലിന്റെ സംസ്കാരം മറ്റന്നാൾ ഉച്ചകഴിഞ്ഞ് കോട്ടയം മാങ്ങാനത്തെ സെൻറ് പീറ്റേഴ്സ് മാർത്തോമാ ചർച്ച് സെമിത്തേരിയിൽ നടക്കും. നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. 2000 ത്തിൽ രാജ്യം അദ്ദേഹത്തിന് പദ്മശ്രീ നൽകി ആദരിച്ചിരുന്നു.

&&&&&&&&&&&&&&&&&&&&&&&&&&&

## ഓട്ടിസം - അവബോധം

ഓട്ടിസം അവബോധ മാസാചരണത്തിന്റെ ഭാഗമായി ചൈൽഡ് ഡെവലപ്മെന്റ് സെന്റർ ഈ മാസം 23 ന് തിരുവനന്തപുരത്ത് വാക്കത്തോൺ സംഘടിപ്പിക്കും. മന്ത്രി വീണ ജോർജ് ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&&&&&&&&&&

## ആശാവർക്കർ-സമരം

വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു സെക്രട്ടേറിയറ്റിനു മുന്നിൽ ആശാവർക്കർമാർ നടത്തുന്ന രാപ്പകൽ സമരം ഇന്ന് 69-ാം ദിവസത്തിലേക്ക് കടന്നു. നിരാഹാര സമരം ഇന്ന് 31-ാം ദിവസത്തിലേക്കും പ്രവേശിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&&&&&&&&&&

## കെട്ടിടം തകർന്ന് മരണം

ഡൽഹിയിലെ മുസ്തഫാബാദിൽ നാലുനില കെട്ടിടം തകർന്നു വീണ് നാലു പേർ മരിച്ചു. അവശിഷ്ടങ്ങൾക്കിടയിൽ പത്തോളം പേർ കുടുങ്ങിക്കിടക്കുന്നതായി സംശയിക്കുന്നു. പുലർച്ചെ മൂന്ന് മണിക്കാണ് സംഭവമെന്ന് നോർത്ത് ഈസ്റ്റ് ജില്ലാ അഡിഷണൽ പോലീസ് കമ്മിഷണർ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&

## ഹജ്ജ് യാത്ര

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്നുള്ള ഇത്തവണത്തെ ഹജ്ജ് യാത്ര അടുത്തമാസം 11 ന് ആരംഭിക്കും. ഹജ്ജ ക്യാമ്പിന്റെ സംഘടക സമിതി രൂപീകരണ കൺവെൻഷൻ മട്ടന്നൂരിൽ ഇന്നലെ കെ.കെ.ശൈലജ M LA ഉദ്ഘാടനം ചെയ്തു.

4,700 ലേറെ പേർ ഇത്തവണ കണ്ണൂർ രാജ്യാന്തര വിമാനത്താവളം വഴി ഹജ്ജകർമ്മത്തിനായി പോകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

&&&&&&&&&&&&&&&&&&&&&&&&&&&

## ഗതാഗത ക്രമീകരണം

കണ്ണൂർ തലശ്ശേരി ലോഗൻസ് റോഡ് കോൺക്രീറ്റ് പ്രവർത്തി നടക്കുന്നതിനാൽ ഇന്ന് മുതൽ തലശ്ശേരി നഗരത്തിൽ ഗതാഗത ക്രമീകരണം ഏർപ്പെടുത്തി. തലശ്ശേരിയിൽ നിന്ന് കോഴിക്കോട് ഭാഗത്തേക്കുള്ള ബസ്സുകൾ എൻസിസി റോഡ് വഴി ആണ് പോകേണ്ടത്.

&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

RNUTVPM